# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-2104 08.12.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## രജിസ്റ്റർ ചെയ്ത പോലീസ് കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര പോലീസ് കേസുകൾ പിൻവലിക്കാൻ സർക്കാർ നിരാക്ഷേപ പത്രം നൽകിയെന്ന് വെളിപ്പെടുത്താമോ; ഇതിന്റെ പോലീസ് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (എ) 4718 കേസുകൾ. പോലീസ് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-I ആയി ചേർക്കുന്നു. |
| (ബി) ഇതിൽ പോലീസ് വാദികളായ എത്ര കേസ്സുകളുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) പോലീസ് വാദികളായ 505 കേസുകളുണ്ട്. |
| (സി) വിശ്വഹിന്ദു പരിഷത്ത് നേതാവ് പ്രവീൺ തൊഗാഡിയയുടെ വർഗ്ഗീയ വിദ്വേഷമുണ്ടാക്കുന്ന പ്രസംഗത്തിനെതിരെ എടുത്ത കേസ് സർക്കാർ പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;<br>(ഡി) ഉണ്ടെങ്കിൽ ആരുടെ അപേക്ഷ പ്രകാരമാണ് തീരുമാനമെടുത്തതെന്ന് വിശദമാക്കാമോ; | (സി) (ഡി) കേസ് പിൻവലിക്കണമെന്ന പ്രോസിക്യൂട്ടറിന്റെ അപേക്ഷ പരിഗണിക്കുന്നതിനു മുൻപു തന്നെ കോടതി പ്രതികളുടെ ഹർജി പരിഗണിച്ച് കേസിൽ നിന്നും പ്രതികളെ കുറ്റവിമുക്തരാക്കി വിധി പ്രസ്താവിച്ചു. |
| (ഇ) ഈ കേസ്സ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) അനുബന്ധം-II ആയി ചേർക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ